(സി) കേരള തയ്യൽ തൊഴിലാളി ക്ഷേമപദ്ധതിയിൽ അംഗമായി 3 വർഷം പൂർത്തിയാക്കുന്ന അംഗത്തിന് താഴെ പ്രസ്താവിക്കുന്ന ആനുകൂല്യങ്ങൾക്ക് അർഹത ഉണ്ടായിരിക്കും :—

1. അപകടമോ മരണമോ സംഭവിക്കുകയാണെങ്കിൽ പരമാവധി 10,000 രൂപവരെ അംഗത്തിനോ/കുടുംബത്തിനോ സൗജന്യ ധനസഹായം.
2. അറുപത് വയസ് പൂർത്തിയാകുന്ന മുറയ്ക്ക് പെൻഷൻ നൽകൽ.
3. വീടു വാങ്ങുന്നതിനോ പണിയുന്നതിനോ ഉള്ള അഡ്വാൻസ്.
4. രോഗചികിൽസയ്ക്കുള്ള അഡ്വാൻസ്.
5. പ്രസവാനുകൂല്യം.
6. പെൺമക്കളുടെ വിവാഹത്തിനുള്ള അഡ്വാൻസ്.
7. അംഗങ്ങളുടെ കുട്ടികൾക്ക് സ്കോളർഷിപ്പ്.
8. അംഗങ്ങളുടെ കുട്ടികളുടെ വിദ്യാഭ്യാസത്തിനുള്ള അഡ്വാൻസ്.

(ഡി, ഇ & എഫ്) ഇതിനാവശ്യമായ ചട്ടങ്ങൾ രൂപീകരിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതേയുള്ളു.

കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ വികലാംഗരെ സ്ഥിരപ്പെടുത്താൻ നടപടി

50. [1831] ശ്രീ. കല്ലടി മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വികലാംഗ വർഷം പ്രമാണിച്ച് 1993 ജനുവരി 1 മുതൽ 1993 ജൂലൈ 31 വരെ താൽക്കാലിക സർവ്വീസിലുള്ള വികലാംഗരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് ഉത്തരവ് കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ നടപ്പിലാക്കിയിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ കാരണം വെളിപ്പെടുത്തുമോ ;

(സി) പ്രസ്തുത ക്ഷേമനിധി ബോർഡിൽ എൽ. ഡി. ക്ലാർക്കായി ജോലിചെയ്ത വികലാംഗനായ മുഹമ്മദ് അബ്ദുൽ സലാമിനെ സ്ഥിരപ്പെടുത്തണമെന്ന അപേക്ഷ പരിഗണിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ കീഴിൽ ജീവനക്കാരെ നിയമിക്കുന്നതു സംബന്ധിച്ച് ചട്ടങ്ങൾ ഉണ്ടാക്കിയിട്ടില്ലാത്തതിനാൽ ചട്ടങ്ങൾ നിലവിൽ വന്നശേഷം ഈ കാര്യം പരിഗണിക്കാം എന്നാണ് ക്ഷേമനിധി ബോർഡിന്റെ തീരുമാനം. ഇക്കാര്യം സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

(സി) ബോർഡിൽ വികലാംഗരെ സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച് തീരുമാനമുണ്ടാകുന്ന മുറയ്ക്ക് മുഹമ്മദ് അബ്ദുൽ സലാമിന്റെ അപേക്ഷയും പരിഗണിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly